**പതിനാലാം കേരള നിയമസഭ**

**പതിനെട്ടാം സമ്മേളനം**

| **നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1656** | | **10.02.2020-ൽ മറുപടിയ്ക്ക്** | |
|---|---|---|---|
| **ബ്രഹ്മപുരത്തെ മാലിന്യ പ്ലാന്റ്** | | | |
| **ചോദ്യം** | | **ഉത്തരം** | |
| **ശ്രീ.വി.പി.സജീന്ദ്രൻ** | | **എ.സി.മൊയ്തീൻ<br>തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി** | |
| (എ) | മാലിന്യത്തിൽ നിന്നും വൈദ്യുതി ഉത്പാദിപ്പിക്കുന്ന പ്ലാന്റ് ബ്രഹ്മപുരത്ത് സ്ഥാപിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ചിട്ടുണ്ടോ; | (എ)<br>&<br>(ബി) | കൊച്ചിയിലെ ബ്രഹ്മപുരത്ത് നൂതന സാങ്കേതിക വിദ്യ ഉപയോഗിച്ച് ഖര മാലിന്യം സംസ്കരിച്ച് ഊർജ്ജം ഉത്പ്പാദിപ്പിക്കുന്ന തരത്തിലുള്ള മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിന് സർക്കാർ അനുമതി നല്കിയിട്ടുണ്ട്. പ്ലാന്റിന്റെ നിർമ്മാണത്തിനും നടത്തിപ്പിനുമായി 2016 സെപ്റ്റംബർ മാസം 17 -ന് കൊച്ചി കോർപറേഷനും പദ്ധതി നടത്തിപ്പിനായി തിരഞ്ഞെടുത്ത G.J.Ecopower Pvt. Ltd. എന്ന സ്ഥാപനവുമായി കൺസെഷൻ എഗ്രിമെൻറ് ഒപ്പ് വച്ചിട്ടുണ്ട്. പ്രതിദിനം 500 ടൺ വരെ സംസ്കരണ ശേഷിയുള്ളതായിരിക്കും പ്രസ്തുത പ്ലാന്റ്. എന്നാൽ പദ്ധതി തുടങ്ങുന്നതിന് വേണ്ട പാരിസ്ഥിതിക അനുമതി ലഭ്യമാക്കുന്നതിനും പ്ലാന്റിന്റെ നിർമ്മാണത്തിനാവശ്യമായ സാമ്പത്തിക സ്രോതസ്സ് കണ്ടെത്തുന്നതിന് കമ്പനിക്ക് ഉണ്ടായ കാലതാമസവും കാരണം കമ്പനിക്ക് കൃത്യ സമയത്ത് പ്ലാന്റിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ സാധിച്ചിരുന്നില്ല. പദ്ധതി തുടങ്ങുന്നതിനാവശ്യമായ മറ്റെല്ലാ അനുമതികളും ക്ലിയറൻസുകളും കമ്പനിയ്ക്ക് ലഭ്യമായിട്ടുണ്ട്. പദ്ധതിയുമായി ബന്ധപ്പെട്ട പരിസ്ഥിതി ആഘാത നിർണ്ണയ പഠനം 2019 മെയ് മാസത്തിൽ കമ്പനി പൂർത്തികരിക്കുകയും തുടർന്ന് നടന്ന ജനഹിത പരിശോധയുടേയും മറ്റ് നടപടി ക്രമങ്ങളുടേയും അടിസ്ഥാനത്തിൽ 2019 സെപ്റ്റംബർ മാസത്തിൽ പദ്ധതിക്കാവശ്യമായ പാരിസ്ഥിതിക അനുമതി ലഭ്യമാകുകയും ചെയ്തിട്ടുണ്ട്. പ്ലാന്റിൽ ഉത്പ്പാദിപ്പിക്കുന്ന വൈദ്യുതി വാങ്ങുന്നതിനുള്ള നിരക്ക് 6.17 രൂപ നിശ്ചയിച്ച്കൊണ്ടുള്ള Power Purchase Agreement 2019 ജൂൺ 19-ന് വൈദ്യുതി ബോർഡും കമ്പനിയും തമ്മിൽ ഒപ്പ് വയ്ക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ 16/01/2020-ലെ സ.ഉ(സാധാ)നം.144/2020/LSGD ഉത്തരവ് പ്രകാരം പദ്ധതിക്കായുള്ള ഭൂമി ദീർഘകാല പാട്ട വ്യവസ്ഥയിൽ കമ്പനിക്ക് നൽകുന്നതിന് സർക്കാർ കൊച്ചി കോർപ്പറേഷന് നിർദേശം നൽകിയിട്ടുണ്ട്. പ്ലാന്റിൽ ഉത്പാദിപ്പിക്കുന്ന വൈദ്യുതിക്ക് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷൻ നിശ്ചയിച്ചിട്ടുള്ള ആവറേജ് താരിഫ് ഉപരിയായി വരുന്ന ചിലവ് കമ്പനിക്ക് നൽകുന്നത് സംബന്ധിച്ച് 30/01/2020 ലെ സ.ഉ(സാധാ)നം.259/2020/തസ്വഭവ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ പദ്ധതിയുടെ നിർമ്മാണ പ്രവർത്തങ്ങൾ വൈകാതെ തന്നെ തുടങ്ങുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) | പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ